കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.ksa.kerala.gov.in

e-mail: dopkd.ksad@kerala.gov.in

# എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി18/22/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി –07.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –

എലവഞ്ചേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം -1ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി18/22/2020 തീയതി – 07.02.2020

<u>പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.01.2019 മുതൽ 20-10-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019മുതൽ 30.10.2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കൃഷ്ണദാസ്.എൻ.വി | ഓഡിറ്റർ |
| ശ്രീ.രഞ്ജിത്. ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സുധാചന്ദ്രൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ഗുരുവായൂരപ്പൻ.എസ് | 01-04-2018 മുതൽ 09-08-2018 വരെ |
| | ശ്രീ.അനിൽകുമാർ.ജി | 10-08-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.റഫീക്ക് | 1-4-2018 മുതൽ 05.02.2019 വരെ |
| | ശ്രീ.റജിൻറാം | 06.02-2019മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | (Circle- I) ശ്രീമതി.രവികല | 1-4-2018 മുതൽ 22-6-2018 വരെ |
| | ശ്രീ. ജോമോൻ.കെ.എൻ (i/c) | 23-6-2018 മുതൽ 20-7-2018 വരെ |
| | ശ്രീ.ഗിരിധരൻ | 21-07-2018 മുതൽ 16-8-2018 വരെ |
| | ശ്രീമതി.രവികല | 17-8-2018 മുതൽ 31-3-2019 വരെ |
| | (Circle -II) ശ്രീ. ജോമോൻ.കെ.എൻ | 01-4-2018 മുതൽ 20-7-2018 വരെ |
| | ശ്രീ.ഗിരിധരൻ | 21-07-2018 മുതൽ 16-8-2018 വരെ |
| | ശ്രീമതി.രവികല (I/C) | 17-8-2018 മുതൽ 13-12-2018വരെ |
| | ശ്രീമതി.രഹിത.എൻ | 14-12-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുധാകുമാരി.എ.സി | 1-4-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഉമ.ടി.എൻ | 01-04-2018 മുതൽ 04.01.2019 വരെ |
| | ശ്രീ.അനൂപ് | 05.01-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ശങ്കര സുബ്രഹ്മണ്യൻ | 1-4-2018 മുതൽ 12-03-2019 വരെ |
| | ഡോ.ഹസീന.എം | 13-3-2019 മുതൽ |

| | | |
|---|---|---|
| | | 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ബിന്ദു.കെ | 1-4-2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ബബിത | 1-4-2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ.എ | 1-4-2018 മുതൽ 09-11-2018 വരെ |
| | ശ്രീ.ജയപ്രകാശ്.സി.സി | 10-11-2018 മുതൽ 21-01-2019 വരെ |
| | ശ്രീമതി.രശ്മി.ജെ | 22-01-2019 മുതൽ 31-3-2019 വരെ |
| എച്ച്.എം | ശ്രീമതി.ജയലളിത.പി.വി | 1-4-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബജറ്റ് നടപടിക്രമങ്ങൾ -അവലോകനം | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 13 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | പൊതുടാപ്പുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | കന്നുകുട്ടി പരിപാലന പദ്ധതികൾ - വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. | 1-15 |
| 16 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്- | 1-16 |

| | | |
|---|---|---|
| | ആവശ്യമായ തുക വകയിരുത്തേണ്ടതാണ് | |
| 17 | വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നിർവ്വഹണം- സബ്സിഡി മാർഗ്ഗരേഖാ ലംഘനം | 1-17 |
| 18 | ഉറ്റിപ്പാടംബ്രിക്സ് യൂണിറ്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 1-18 |
| 19 | ഖരമാലിന്യസംസ്കരണ സംവിധാനം കാര്യക്ഷമമല്ല | 1-19 |
| 20 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല | 1-20 |
| 21 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - 38742രൂപയുടെ നഷ്ടം | 1-21 |
| 22 | കരിങ്കുളം-ചെന്നക്കലായ് റോഡ് മെറ്റലിംങ് &ടാറിംഗ് - കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല. | 1-22 |
| 23 | പദ്ധതികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായി നടപ്പിലാക്കാത്തതിനാൽ ഉദ്ദേശിച്ച ഗുണഫലം ലഭിക്കുന്നില്ല. | 1-23 |
| 24 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 1-24 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| | | |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 2 | പത്രികകൾ | 2 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

15.03.18 ലെ 11(1)നം . തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 21.05.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7660103 |
| വരവ് | 85685327 |
| ആകെ | 93345430 |
| ചെലവ് | 81791998 |
| നീക്കിയിരിപ്പ് | 11553432 |

## 1-4 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ</td><td>0</td><td>13125000</td><td>13125000</td><td>12915141</td><td>209859</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി</td><td>0</td><td>10699000</td><td>10699000</td><td>8957687</td><td>1741313</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി</td><td>0</td><td>164000</td><td>164000</td><td>164000</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ്</td><td>0</td><td>4791000</td><td>4791000</td><td>3961769</td><td>829231</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ്</td><td>0</td><td>2780000</td><td>2780000</td><td>2060448</td><td>719552</td></tr>
<tr><td colspan="2">ധനകാര്യ കമ്മീഷൻ ഗ്രാന്റ്</td><td>0</td><td>6091000</td><td>6091000</td><td>4348999</td><td>1742001</td></tr>
<tr><td colspan="2">എൻ.ആർ. ഇ.ജി.എസ്-അഡ്മിൻ വരവ്</td><td>2470</td><td>404221</td><td>406691</td><td>398005</td><td>8686</td></tr>
<tr><td colspan="2">NREGA- wages</td><td>0</td><td>20722865</td><td>20722865</td><td>20722865</td><td>0</td></tr>
<tr><td colspan="2">ഐ.സി.ഡി.എസ്</td><td>1904261</td><td>403300</td><td>2307561</td><td>947431</td><td>1360130</td></tr>
<tr><td colspan="2">ശുചിത്വം</td><td>383660</td><td>2487602</td><td>2871262</td><td>0</td><td>2871262</td></tr>
<tr><td colspan="2">ജലനിധി</td><td>878107</td><td>274621</td><td>1152728</td><td>236975</td><td>915753</td></tr>
<tr><td colspan="2">ബി.ഫണ്ട്</td><td>0</td><td>523440</td><td>523440</td><td>523440</td><td>0</td></tr>
<tr><td colspan="2">ജോയിന്റ് വെഞ്ചർ ടി.എസ്.ബി അക്കൗണ്ട്</td><td>622977</td><td>13975739 (# )</td><td>14598716</td><td>13828633</td><td>770083</td></tr>
<tr><td colspan="2">തനത് ഫണ്ട് ട്രഷറി, ജനറൽ പർപ്പസ്ഗ്രാന്റ്</td><td>1263783</td><td>10425583</td><td>11689366</td><td>8374667</td><td>3314699</td></tr>
<tr><td rowspan="3">തനത് ഫണ്ട് ബാങ്ക്</td><td>SBI- E payment</td><td>30129</td><td>42999</td><td>73128</td><td>750</td><td>72378</td></tr>
<tr><td>കനറാ ബാങ്ക്*</td><td>1174315</td><td>22458311</td><td>23632626</td><td>21040852</td><td>2591774</td></tr>
<tr><td>സ.കോ. ഓപ്പ.ബാങ്ക്, എലവഞ്ചേരി**</td><td>3280033</td><td>5539285</td><td>8819318</td><td>5324971</td><td>3494347</td></tr>
</table>

# 8368945 (ബ്ലോക്ക്, ജില്ലാ വിഹിതം ലഭിച്ചത്) + 5606794 (റിഡംപ്ഷൻ തുക തിരികെ ലഭിച്ചത്)

* കാനറാ ബാങ്ക് അക്കൗണ്ടിൽ ടി.എസ്.സി, ലൈഫ് പദ്ധതികൾക്കായുള്ള തുകകൾ ഉൾപ്പെടുന്നു.

** സ.കോ.ഓപ്പ.ബാങ്ക് മുന്നിരിപ്പിൽ ഐ.സി.ഡി.എസ് ഷെയർ ഉൾപ്പെടുന്നു.

*** ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ ടി.എസ്.ബി അക്കൗണ്ടിൽ ഉൾപ്പെടുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 128168566 | 123 | 61361327 | - | 61 | 67 |

<u>2018-19 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 67% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 9 | 8 | 5312000 | 2403000 | 45 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 2 | 1818968 | 764971 | 42 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 1000000 | 1000000 | 100 |
| വി.ഇ.ഒ | 14 | 11 | 36045000 | 14630000 | 40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3617200 | 3320502 | 92 |
| സെക്രട്ടറി | 26 | 20 | 6182255 | 4092668 | 66 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 114 | 68 | 27290908 | 13636216 | 50 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 400000 | 400000 | 100 |
| എച്ച്.എം | 5 | 5 | 875235 | 867470 | 99 |
| കൃഷി ഓഫീസർ | 2 | 1 | 9276000 | 7366500 | 79 |
| ആകെ | 184 | 123 | 128168566 | 61361327 | 48 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2470 | 404221 | 406691 | 398005 | 8686 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20722865 | 20722865 | 20722865 | 0 |
| ആകെ | 2470 | 21127086 | 21129556 | 21120870 | 8686 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 73440 | 45 |
| കർഷക തൊഴിലാളി പെൻഷൻ | 9773200 | 749 |
| വിധവാ പെൻഷൻ | 12453800 | 993 |
| വാർദ്ധക്യകാല പെൻഷൻ | 11898100 | 962 |
| വികലാംഗ പെൻഷൻ | 2553000 | 178 |
| അവിവാഹിത പെൻഷൻ | 849200 | 64 |

# 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

<u>അക്കൗണ്ടിംഗ് സംവിധാനം</u>

ഓഡിറ്റ് വർഷത്തിൽ വരവ്-ചെലവ് കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നതിൽ അലംഭാവം വന്നിട്ടുണ്ട്. ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ടെങ്കിലും ബാങ്ക് പാസ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി കണക്കുകൾ കൃത്യമാക്കാൻ ശ്രദ്ധിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് വരവുവന്ന തുകകൾ ഏതാണെന്ന് പരിശോധിച്ച് യഥാസമയം കൃത്യമായി സാംഖ്യയിൽ വരവ് വയ്ക്കാത്തതിനാൽ ആയതിന്റെ അപാകതകൾ തൻവർഷത്തെ വാർഷികധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഇവയെ സംബന്ധിച്ച് ശരിയായ ധാരണ പഞ്ചായത്ത് ജീവനക്കാർക്കു പോലുമില്ല. സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നു ലഭ്യമാകുന്ന തുകകളുടെ

വരവു ചെലവുകളുടെ വിവരം സൂക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്. തനതുഫണ്ടുമായി ബന്ധപ്പെട്ട് ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്റ്റുകളൊന്നും തന്നെ തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്റ്റുകൾ തന്നെയാണ് വീണ്ടും വീണ്ടും ആവിഷ്ക്കരിക്കുന്നത്. പ്രൊജക്റ്റുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം വേണ്ടവിധം പാലിക്കുന്നില്ല.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ ഫ്യുവൽ ഓർഡർ ബുക്ക്, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

- ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതുവരെയുള്ള കുടവെള്ള പദ്ധതികളുടെ വെള്ളക്കരം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ടോ എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കിയിട്ടില്ല.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2019 ന് 3.30 p m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20554 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.19 | 1.09.19 മുതൽ 30.09.19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.19 മുതൽ 29.03.19 വരെ | 2013-14 മുതൽ 2017-18 വരെ | 9.05.19 (നം.എൽ.ബി.എ (എച്ച്.ക്യു.)III/I/8A -218/18-19 തീയതി 30.04.19 |

# 1-11 ബജറ്റ് നടപടിക്രമങ്ങൾ -അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ (സാധാ) നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 |

| | |
|---|---|
| | ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായോ കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ 09.03.2018 ന് ചേർന്ന യോഗത്തിൽ 'കരട് ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്' എന്ന അജണ്ട ചേർത്തിട്ടുണ്ടെങ്കിലും തീരുമാനം എഴുതിചേർത്തിട്ടില്ല. 15.03.2018 ന് ചേർന്ന് ഭരണസമിതി യോഗം ബജറ്റ് ചർച്ചചെയ്യുകയും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തീരുമാനിക്കുകയും 28.03.2018 -ന് ചേർന്ന യോഗം ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 415418.91 |
| തൻവർഷം വരവ് | 144632000.00 |
| ആകെ വരവ് | 145047418.91 |
| ചെലവ് | 143926000.00 |
| നീക്കിയിരിപ്പ് | 1121418.91 |

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ വീഴ്ച ഓരോ മേഖലയിലും ആവശ്യമായ തുക വകയിരുത്തപ്പെടാതെ പോവുന്നതിന് ഇടയാക്കുമെന്നതിനാൽ സ.ഉ (ആർ.ടി) നം. 3291/2016/തസ്വഭവ തിയതി 02-12-2016 -ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 03/26.10.2019)

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിവരുന്നത്.

3. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിനും 6 റേഷൻ കടകൾക്കും 23 കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

<u>(സി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

<u>(ഡി) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കാത്തതിനാൽ വരവ് നഷ്ടം</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കാമായിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും സ്ഥാപനത്തിന്റെ പേരും | യന്ത്രത്തിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 144 | വി.ആർ.പുഷ്പാംഗതൻ കൊല്ലങ്കോട് അഗ്രോമിൽസ്(പ്രൈ) ലി. | 450 HP | 3500 |
| 2 | 47 | കെ.എ.സഹാബുദ്ദീൻ സിസ്ഡ്യ മോഡേൺ റൈസ് മിൽ | 80 HP | 1000 |
| 3 | 164 | ശ്രീധന്യ പ്രേംകുമാർ അഞ്ജലി ടിംബേഴ്സ് & ഫർണീച്ചർ | 30 HP | 300 |
| 4 | 70 | സ്വാമിനാഥൻ സുധി റൈസ് & ഫ്ലവർ മിൽ | 10 HP | 100 |
| 5 | 71 | രേണുക പത്മനാഭൻ പത്മനാഭാ റൈസ് മിൽ | 10 HP | 100 |

| | | | | |
|---|---|---|---|---|
| 6 | 60 | കെ.വി.മായാവതി ഗിരിധരൻ<br>മായ ഫുഡ് ഇൻഡസ്ട്രീസ് | 10 HP | 100 |
| 7 | 49 | കെ.കൃഷ്ണനുണ്ണി<br>ശ്രീകൃഷ്ണ റൈസ് & ഫ്ലവർ മിൽ | 10 HP | 100 |
| 8 | 63 | സ്വാമിനാഥൻ വി<br>സ്വാമി റൈസ് മിൽ | 10 HP | 100 |
| 9 | 64 | ടി ടി ബാലകൃഷ്ണൻ<br>ബാലകൃഷ്ണാ റൈസ് മിൽ | 10 HP | 100 |
| 10 | 65 | കൃഷ്ണൻകുട്ടി ടി കെ<br>സ്വാമിനാഥാ റൈസ് മിൽ | 10 HP | 100 |
| 11 | 67 | ജി.ഹരിദാസൻ<br>ഗോപാൽ റൈസ് മിൽ | 10 HP | 100 |
| 12 | 68 | കെ.സി.പുഷ്പരാജൻ<br>കെപിസി റൈസ്, ഫ്ലവർ & ഓയിൽ മിൽ | 10 HP | 100 |
| 13 | 69 | കാർത്ത്യായനി<br>രാമദാസ് റൈസ് മിൽ | 10 HP | 100 |
| 14 | 7 | ആർ. രവീന്ദ്രൻ<br>രവീന്ദ്രാ റൈസ് മിൽ | 10 HP | 100 |
| 15 | 16 | ലക്ഷ്മണൻ, മടത്താട്ട് വീട് | 10 HP | 100 |
| 16 | 288 | സോമദാസ്.ടി.എം<br>ടികെഎം എന്റർപ്രൈസസ് | 10 HP | 100 |
| 17 | 242 | മോഹനൻ വടക്കുമുറി<br>കേശവ റൈസ്മിൽ | 20 HP | 200 |
| 18 | 221 | സരസ്വതി മാണിക്യൻ<br>ആകാശ് ഫ്ലോർ മിൽ | 10 HP | 100 |
| 19 | 37 | സുമതി സുരേഷ്<br>എഎൻഎച്ച്എസ് മിൽ | 10 HP | 100 |

| | | | | |
|---|---|---|---|---|
| 20 | 87 | സുന്ദരൻ മുതൽപ്പേർ<br>തങ്കസ്വാമി & കോ ഫാബ്രിക്കേഷൻ | 10 HP | 100 |
| 21 | 188 | കെ.സി.നിർമ്മൽ<br>എലവഞ്ചേരി അഗ്രോ എക്വിപ്പ്മെന്റ്സ് | 7 HP | 100 |
| 22 | 241 | സജീഷ് എം<br>കെഎം സിമന്റ് പ്രോഡക്ട്സ് | 10 HP | 100 |
| | | | ആകെ | 6800 |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.04/26.10.2019 ന് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണെന്നും വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്നതാണെന്നും എന്നാൽ കള്ളുഷാപ്പുകൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിലായതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ ലൈസൻസ് നൽകാനാവില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി ലൈസൻസ് അനുവദിക്കേണ്ടതാണ്.
3. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കേണ്ടതാണ്.
4. റേഷൻ കടകൾ, മാവേലി സ്റ്റോർ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ഷാപ്പുകൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235ഡബ്ല്യൂ, 235എഎ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ

# സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കൗണ്ടത്തറ, കൊട്ടയങ്കാട് എന്നീ രണ്ട് കുടിവെള്ള പദ്ധതികളാണ് 2018-2019 വർഷാവസാനം വരെ ഗ്രാമപഞ്ചായത്ത് പരിപാലിച്ചു പോന്നിരുന്നത്. കൗണ്ടത്തറ കുടിവെള്ള പദ്ധതിയിൽ 271 ഗുണഭോക്താക്കളും കൊട്ടയങ്കാട് കുടിവെള്ള പദ്ധതിയിൽ 302 ഗുണഭോക്താക്കളുമുൾപ്പെടെ ആകെ 573 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. വാർഷിക കണക്കുകൾ ഈ രണ്ട് പദ്ധതികളിൽ നിന്നും കുടിശ്ശികയിനത്തിൽ ഉൾപ്പെടെയുള്ള ആകെ വരവ് 126185 രൂപ മാത്രമാണ്. കുടിശ്ശികയിനത്തിൽ 10,87,538 രൂപ പിരിച്ചെടുക്കുവാനുണ്ട്.

ഇതിൽ കൊട്ടയങ്കാട് കുടിവെള്ള പദ്ധതിയുടെ ഒരു ഭാഗം ഗുണഭോക്തൃസമിതിക്ക് 14.02.2019 ലെ കരാർ പ്രകാരം കൈമാറിയിട്ടുണ്ട്. നിലവിലുള്ള കുടിശ്ശിക 31.03.2019 നകം ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്നും വീഴ്ചവരുത്തുന്ന പക്ഷം കരാർ കണക്ഷൻ റദ്ദ് ചെയ്യുന്നതാണെന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കൊട്ടയങ്കാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായിരുന്ന 54 കണക്ഷനുകൾ മരുതക്കളം പദ്ധതി എന്ന പേരിൽ ഇപ്പോഴും പഞ്ചായത്തിന്റെ ബാധ്യതയായി നിലനിർത്തിയിട്ടുണ്ട്. 2018-19 വർഷം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം | 185060 |
| വൈദ്യുത ചാർജ്ജ് | 150312 |
| റിപ്പയർസ് & മെയിന്റനൻസ് | 43759 |
| ആകെ | 379131 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 11/30.10.2019 ന് കൊട്ടയങ്കാട്, കൗണ്ടത്തറ എന്നീ കുടിവെള്ള പദ്ധതികളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മരുതക്കളം പദ്ധതി ഉടൻതന്നെ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാധാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.
2. വെള്ളക്കരം കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 പൊതുടാപ്പുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള ജലഅതോറിറ്റി പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ പൊതുടാപ്പുകളിലൂടെയുള്ള ശുദ്ധ ജല വിതരണത്തിനായി ഗ്രാമപഞ്ചായത്തിൽ 122 പൊതുടാപ്പുകൾ നിലവിലുണ്ട്. പൊതുടാപ്പുകളുടെ വൈദ്യുതിചാർജ്ജ് അടവാക്കുന്നതിനായി ആകെ 694943 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 588193 രൂപ തനത് ഫണ്ടിൽ നിന്നും 106750 രൂപ മെയിന്റനൻസ് നോൺ റോഡ് വിഭാഗത്തിൽ നിന്നുമാണ് വകയിരുത്തിയിരിക്കുന്നത്. ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ഓഡിറ്റ് അന്വേഷണം നം 8/ 30.10.2019 പ്രകാരം ആവശ്യപ്പെട്ടതിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയതിൽ സംയുക്തപരിശോധനയുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും 122 പൊതുടാപ്പുകളിൽ 17 എണ്ണം ഒഴിവാക്കുന്നതിന് ജലഅതോറിററിയിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതായും അവ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം 1275/2009/ത.സ്വ.ഭ.വ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ജലഅതോറിറ്റിയുടെ വിതരണസംവിധാനത്തിൽ നിന്നും ഗാർഹിക കണക്ഷൻ ലഭ്യമാകുന്ന രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ഇത്തരത്തിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ വച്ചിട്ടില്ല. ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി ഘട്ടം ഘട്ടമായി പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഈ ഇനത്തിലുള്ള ചെലവുകൾ ഗണ്യമായി കുറയ്ക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

കുന്നുകളും മലനിരകളും ഉൾപ്പെടുന്ന പ്രത്യേക ഭൗമപരിസ്ഥിതിയുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂഗർഭജലം കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ സംരക്ഷിച്ചു നിർത്തുന്നതിന് കഴിയുന്നില്ല എന്നതാണ് വർഷം തോറും ഉണ്ടാകുന്ന വരൾച്ച കാണിക്കുന്നത്. അമിത ജലചൂഷണം തടയുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

# 1-15 കന്നുകുട്ടി പരിപാലന പദ്ധതികൾ - വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികളിലൂടെ പദ്ധതിവിഹിതമായ ₹ 5,75,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ (STSB അക്കൗണ്ട് നം. 714021400000008) ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ. | പേര്. | അടങ്കൽ (₹) | ചെലവ് (₹) | ബിൽ വിവരം | |
|---|---|---|---|---|---|---|
| | | | | | നമ്പർ, തിയതി | തുക (₹) |
| 1 | 11/ 2019 | കന്നുകുട്ടി പരിപാല പദ്ധതി | 400000 | 100000 (വികസന ഫണ്ട് - ജനറൽ) | 8/2018-19 24.03.2019 | 100000 |
| 2 | 134/ 2019 | കന്നുകുട്ടി പരിപാലനം (എസ്.പി) വനിത | 500000 | 250000 (വികസന ഫണ്ട്- എസ്.സി.പി ₹240000 + തനത് ഫണ്ട് ₹ 10000) | 3/2018-19 31.05.2018, തനത് ഫണ്ട് ചെക്ക് നമ്പർ 1597289, 06.06.18 | 240000+ 10000 =250000 |
| 3 | 135/ 2019 | കന്നുകുട്ടി പരിപാലനം (എസ്.സി.പി) | 900000 | 225000 (വികസന ഫണ്ട്- എസ്.സി.പി) | 2/2018-19, 31.05.2018 | 225000 |
| ആകെ ചെലവ് | | | | | | 575000 |

പദ്ധതി തുക വിനിയോഗിച്ചതിന്റെ വിവരം ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ല എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 6, തിയതി 29.10.2019).

# 1-16 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്-ആവശ്യമായ തുക വകയിരുത്തേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും

സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 34/19 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹4,00,000/-<br>₹3,00,000/-വികസന ഫണ്ട് (ജനറൽ);<br>₹1,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹3,00,000/-<br>ബിൽ നം. 1814065202530121486 തി 30.01.2019.<br>₹1,00,000/-<br>റിക്വിസിഷൻ നം. 50873012018002<br>തി 28.01.2019.<br>ആകെ : ₹4,00,000/- |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 300 ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിൽ ആവശ്യമായ തുക വകയിരുത്താത്ത കാരണം 2018 ഏപ്രിൽ, മെയ് മാസങ്ങളിലെ പാലളവിന് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ജൂൺ 2018 മുതൽ മാർച്ച് 2019 വരെ പാലളവിന് കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

2. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തൻവർഷം ലഭ്യമായിട്ടില്ല. ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടില്ല.

3. വികസന ഫണ്ട് (ജനറൽ) 3,00,000/- രൂപ, ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ 238 കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം 1,00,000/- രൂപ, ലിറ്ററൊന്നിന് 1 രൂപ നിരക്കിൽ 230 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നു. ലിറ്ററൊന്നിന് 3 രൂപ നിരക്ക് എന്ന പദ്ധതിയിൽ ലക്ഷ്യമിട്ട അനുപാതത്തിലല്ല തുക വിതരണം ചെയ്തിട്ടുള്ളത്.

4. എലവഞ്ചേരി ക്ഷീര വികസന സഹകരണ സംഘം ലി നം. 527, വിത്തനശ്ശേരി പി-150 ആപ്കോസ് എന്നീ സംഘങ്ങളിൽ 2018ഏപ്രിൽ, മെയ് മാസങ്ങളിൽ അളന്ന പാലിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. നെന്മാറ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിത്തനശ്ശേരി ക്ഷീരസംഘത്തിൽ പാലളന്ന എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ആനുകൂല്യം നൽകുമ്പോൾ നെന്മാറ ഗ്രാമപഞ്ചായത്തിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.10/30.10.2019 ന് ഫണ്ട് ലഭ്യത അനുസരിച്ചാണ് കർഷകർക്ക് ഇൻസെന്റീവ് നൽകിയിട്ടുള്ളതെന്നും പ്രളയം മൂലമാണ് ക്ഷീരവികസന വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള വിഹിതം ലഭ്യമാവാതിരുന്നതെന്നും നെന്മാറ എലവഞ്ചേരി പഞ്ചായത്തുകളിലെ നിർവഹണോദ്യോഗസ്ഥർ ഒരാൾതന്നെയായതിനാൽ സബ്സിഡി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം നിർവഹണം നടത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നിർവ്വഹണം- സബ്സിഡി മാർഗ്ഗരേഖാ ലംഘനം

എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 13ാം പദ്ധതി, സബ്സിഡി എന്നീ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പ്രകാരം നിശ്ചിത അളവിലും നിരക്കിലും സമയബന്ധിതമായും ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പർ ; 116/2019
അടങ്കൽ ; 28,00,000 രൂപ (വികസന ഫണ്ട്- എസ്.സി.പി)
ചെലവ് ; 21,00,000 രൂപ

പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വിതം വകയിരുത്തി 14 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്, ആയത് പ്രകാരം തൻവർഷം 1,50,000 രൂപ വീതം 14 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി ആകെ 21,00,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 800 ചതുരശ്രയടിയിൽ അധികരിക്കുന്ന വാസഗൃഹമുള്ളവർക്ക് പഠനമുറി അനുവദിച്ചു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം22/2018/തസ്വഭവ, തിയതി 14.02.2018 യിലെ ഖണ്ഡിക 7 ഉപഖണ്ഡിക 2 ൽ 17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്, 14 ഗുണഭോക്താക്കളുടേയും വാസഗൃഹത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ ഫോറം-6 പരിശോധിച്ചപ്പോൾ 4 ഗുണഭോക്താക്കളുടെ വാസഗൃഹത്തിന്റെ വിസ്തീർണ്ണം 800 ചതുരശ്രയടിയിൽ അധികരിക്കുന്നവയാണെന്ന് കണ്ടെത്തി. ആയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. വാസഗൃഹം 800 ചതുരശ്രയടിയിൽ അധികരിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേര് | കെട്ടിട നമ്പർ | ബ്ലോക്ക്/ റീ സർവ്വെ നമ്പർ | വിസ്തീർണ്ണം (വസ്തുനികുതി നിർണ്ണയ വിവരം- ഫോറം 6 പ്രകാരം) (ച.മീ) | വിസ്തീർണ്ണം (ചതുരശ്ര അടി) | നാളിതുവരെ അനുവദിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | | | | ബിൽ നം/ തിയതി | തുക | ആകെ |
| 1 | മണികണ്ഠൻ, s/o ചാമി, മണ്ണാമ്പറമ്പ്, എലവഞ്ചേരി | 12/561 | 7, 148/6 | 76.9 | 827.74 | 14/ 27.02.19 | 50000 | 200000 |
| | | | | | | 18/ 23.03.19 | 100000 | |
| | | | | | | 6/ 17.09.19 | 50000 | |
| 2 | ഭാഗ്യവതി, w/oരാധാകൃഷ്ണൻ, കൊളപ്പുള്ളിപ്പാടം, വട്ടേക്കാട് | 2/322 | 7, 712/1 | 77.7 | 836.35 | 14/ 27.02.19 | 50000 | 200000 |
| | | | | | | 17/ 18.03.19 | 100000 | |
| | | | | | | 2/ 15.07.19 | 50000 | |
| 3 | രാജൻ, s/o കുപ്പൻ, മീമ്പിടി, കിഴക്കുമുറി | 9/215 | 9,169/6 | 92.5 | 995.66 | 13/ 23.02.19 | 50000 | 200000 |
| | | | | | | 18/ 23.03.19 | 100000 | |
| | | | | | | 4/ 26.07.19 | 50000 | |
| 4 | ബീന, w/o.സ്വാമിനാഥൻ, ചേപ്പലോട്, പനങ്ങാട്ടിരി | 8/198 | 8, 277/5 | 78.3 | 842.81 | 13/ 23.02.19 | 50000 | 200000 |
| | | | | | | 18/ 23.03.19 | 100000 | |
| | | | | | | 2/ 15.07.19 | 50000 | |

<u>ബി) നിർദ്ദിഷ്ട അളവിലും അധികരിച്ച് പഠനമുറികൾ നിർമ്മിച്ചു നൽകി</u>

15.10.2018 തിയതിയിലെ സ.ഉ (സാധാ) നം. 2636/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഠനമുറിയുടെ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള 100 ചതുരശ്രയടിയിൽ നിന്നും 120 ചതുരശ്ര അടിയായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 12 പഠനമുറികളിൽ 11 പേരുടെ പഠനമുറികളുടെയും വിസ്തീർണ്ണം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റുകൾ പ്രകാരം 120 ചതുരശ്രയടിയിൽ അധികരിക്കുന്നവയാണ്. ആയത് സബ്സിഡി മാർഗ്ഗരേഖയുടെയും സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെയും ലംഘനമാണ്. 120 ചതുരശ്രയടിയിൽ അധികരിച്ച് പഠനമുറി നിർമ്മാണം പൂർത്തിയാക്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേര് | അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരം. | | | നാളിതുവരെ അനുവദിച്ച തുക | | |
|---|---|---|---|---|---|---|---|
| | | സർട്ടി ഫിക്കറ്റ് തിയതി. | പഠന മുറിയുടെ വിസ്തീർണ്ണം (ച.മീ) | പഠന മുറിയുടെ വിസ്തീർണ്ണം (ചതുരശ്ര അടി) | ബിൽ നം/ തിയതി | തുക | ആകെ |
| 1 | മാധവൻ. വി,<br>s/o വെള്ള,<br>കുണ്ടംപറമ്പിൽ വീട്,<br>കരിപ്പായി | 26.08.19 | 15 | 161.45 | 14/ 27.02.19<br>18/23.03.19<br>5/29.08.19 | 50000<br>100000<br>50000 | 200000 |
| 2 | ഭാഗ്യവതി,<br>w/oരാധാകൃഷ്ണന്,<br>വട്ടേക്കാട് | 15.06.19 | 11.90 | 128.09 | 14/27.02.19<br>17/18.03.19<br>2/15.07.19 | 50000<br>100000<br>50000 | 200000 |
| 3 | കുട്ടപ്പൻ,<br>s/o കറുപ്പൻ,<br>വട്ടേക്കാട് | 26.08.19 | 16 | 172.22 | 14/27.02.19<br>19/27.03.19<br>5/29.08.19 | 50000<br>100000<br>50000 | 200000 |
| 4 | കൃഷ്ണൻകുട്ടി. വി,<br>s/o വേലായുധൻ,<br>മഞ്ഞപ്പാറ | 04.07.19 | 15.60 | 167.91 | 13/23.02.19<br>18/23.03.19<br>2/15.07.19 | 50000<br>100000<br>50000 | 200000 |
| 5 | ബീന. ടികെ,<br>w/o സ്വാമിനാഥൻ,<br>പനങ്ങാട്ടിരി | 04.07.19 | 11.97 | 128.84 | 13/23.02.19<br>18/23.03.19<br>2/15.07.19 | 50000<br>100000<br>50000 | 200000 |
| 6 | രാഘവൻ.ആർ,<br>s/o രാമൻ,<br>കിഴക്കുമുറി | 15.06.19 | 11.70 | 125.93 | 14/27.02.19<br>19/27.03.19<br>02/15.07.19 | 50000<br>100000<br>50000 | 200000 |
| 7 | മണികണ്ഠൻ,<br>s/o ചാമി,<br>മണ്ണാമ്പറമ്പ്,<br>എലവഞ്ചേരി | 16.09.19 | 16.20 | 174.37 | 14/27.02.19<br>18/23.03.19<br>6/17.09.19 | 50000<br>100000<br>50000 | 200000 |
| 8 | ചന്ദ്രൻ,<br>s/o മണി,<br>വട്ടേക്കാട് | 04.07.19 | 14.62 | 157.36 | 13/23.02.19<br>18/23.03.19<br>2/15.07.19 | 50000<br>100000<br>50000 | 200000 |
| 9 | ബിന്ദു,<br>w/o ബേബി,<br>മഞ്ഞപ്പാറ,<br>വട്ടേക്കാട് | 22.07.19 | 14.08 | 151.36 | 13/23.02.19<br>18/23.03.19<br>4/24.07.19 | 50000<br>100000<br>50000 | 200000 |
| 10 | പെരുമാൾ.കെ,<br>s/o കൃഷ്ണൻ,<br>പനങ്ങാട്ടിരി | 22.07.19 | 11.50 | 123.78 | 14/27.02.19<br>19/27.03.19<br>[illegible] | 50000<br>100000<br>[illegible] | 200000 |

| | | | | | 4/24.07.19 | 50000 | |
|---|---|---|---|---|---|---|---|
| 11 | ശകുന്തള.എം, w/o നാരായണൻ, എലവഞ്ചേരി | 26.08.19 | 14 | 150.69 | 13/23.02.19 | 50000 | 200000 |
| | | | | | 18/23.03.19 | 100000 | |
| | | | | | 5/29.08.19 | 50000 | |
| | | | | | | ആകെ | 22,00,000 |

<u>സി) പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ</u>

പഠനമുറികളുടെ നിർമ്മാണത്തിന് തുകകൾ കൈപ്പറ്റിയെങ്കിലും 2 ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | | |
|---|---|---|---|---|
| | | ബിൽ നം/ തിയതി | തുക | ആകെ |
| 1 | നാരായണൻ, s/o പഴനി, തറപ്പാടം, പനങ്ങാട്ടിരി | 14/27.02.19 | 50000 | 150000 |
| | | 18/23.03.19 | 100000 | |
| 2 | അംബിക, w/o അപ്പു, കുണ്ടൻപറമ്പ്, കരിപ്പായി | 14/27.02.19 | 50000 | 150000 |
| | | 19/27.03.19 | 100000 | |

സബ്സിഡി മാർഗ്ഗരേഖയിലേയും സർക്കാർ ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനും, പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പഠനമുറികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/29.10.2019) തുടർ വർഷങ്ങളിൽ സമാന പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും, പൂർത്തീകരിക്കാത്ത രണ്ട് പഠനമുറികൾ 2019-20 വർഷത്തിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പദ്ധതി മാർഗ്ഗരേഖയിലേയും, സബ്സിഡി മാർഗ്ഗരേഖയിലെയും നിർദ്ദേശങ്ങളും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിലെയും സർക്കുലറുകളിലേയും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.
2. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പഠനമുറികൾ പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 തൂറ്റിപ്പാടംബ്രിക്സ് യൂണിറ്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

പ്രോജക്റ്റ് നം - 218/18-19

അടങ്കൽ – 526000

ചെലവ് – 486304 (300000- ബ്ലോക്ക് ഷെയർ, 186304 -വികസന ഫണ്ട് )

ളുറ്റിപ്പാടം ബ്രിക്സ് യൂണിറ്റ് നിർമ്മാണം കുടുംബശ്രീ ജില്ലാമിഷനും ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ്. ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായവർക്ക് സബ്സിഡി നിരക്കിൽ ഇഷ്ടിക നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ ളുറ്റിപ്പാടം പ്രദേശത്ത് ക്രിമിറ്റോറിയം നിലവിലുള്ളതിനാലും പ്രദേശത്ത് എം.സി.എഫ് സെന്റർ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ളതിനാലും ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി ഉയർത്തുന്നതിന് കെ.എസ്.ഇ.ബി നിർദ്ദേശിച്ചതിനെത്തുടർന്നാണ് 2018-19 സാമ്പത്തിക വർഷം ബ്രിക്സ് യൂണിറ്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പ്രവർത്തി നിർവ്വഹിച്ചിരിക്കുന്നത്.

എന്നാൽ പദ്ധതി ലക്ഷ്യമിട്ട പ്രവർത്തനങ്ങളോ നാളിതു വരെ നടന്നിട്ടില്ല. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും തുക വകയിരുത്തി തുടർപ്രവർത്തനങ്ങൾ നടത്തുന്നുന്നത് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും പൂർത്തീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

( എൻക്വയറി നം 13/31.03.2019)

# 1-19 ഖരമാലിന്യസംസ്കരണ സംവിധാനം കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് നിയമം,1998,13ാം പഞ്ചവത്സരപദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ, 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് ഖരമാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

മാലിന്യ ശേഖരണത്തിനായി 2017-18 വർഷം പ്രോജക്ട് നം 69/18 - ഖരമാലിന്യത്തിന് ട്രാക്ടർ ട്രെയിലർ വാങ്ങൽ എന്ന പദ്ധതി പ്രകാരം രൂപ 751500/-രൂപ ഉപയോഗിച്ച് CLASSIC TRACTORS MALAPPURAM എന്ന സ്ഥാപനത്തിൽ നിന്നും ട്രാക്ടർ, ട്രെയിലർ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി വാഹനം നിലവിൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാതെ എലവഞ്ചേരി പി.എച്ച്.സി. യിൽ സൂക്ഷിച്ചിരിക്കുന്നതായി കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും 2019 മാർച്ചിൽ നടന്ന അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. കൂടാതെ തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഖരമാലിന്യസംസ്കരണം ഉദ്ദേശിച്ച് പല പ്രോജക്ടുകളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് അന്വേഷണം നം 8/ 30.10.2019 പ്രകാരം ഈ

വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| 38/19,<br>ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഓണറേറിയവും ഉപകരണങ്ങളും | 500000<br>(വികസനഫണ്ട്-പൊതു) | 0 | പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |
| 46/19,<br>പരിസ്ഥിതി സൗഹൃദ ബാഗുകൾ | 200000<br>(വികസനഫണ്ട്-പൊതു) | 0 | |
| 207/19,<br>വേസ്റ്റ് മാനേജ്മെന്റ് - ബെയ്ലിംഗ് മെഷീൻ | 530000<br>(കേന്ദ്രഫണ്ട്-ടി.എസ്.സി) | 0 | |

നിലവിൽ ട്രാക്ടർ ഉപയോഗിച്ച് അജൈവമാലിന്യം ഹരിതകർമ്മസേനാംഗങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ളുറ്റിപ്പാടം ക്രമിറ്റോറിയത്തിന് സമീപം എം.സി.എഫ് യൂണിറ്റ് സ്ഥാപിക്കാൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രദേശവാസികളുടെ പ്രതിഷേധം മൂലം സ്ഥലം ഏറ്റെടുക്കുന്നതിന് സാധിച്ചില്ല. ഓച്ചുകുളം എന്ന സ്ഥലത്ത് താല്കാലികമായി അജൈവമാലിന്യം സൂക്ഷിക്കുന്നതായി അറിയിച്ചു.

മേൽ വിഷയത്തിൽ ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. പരിസ്ഥിതി സൗഹൃദ നടപടികൾ സ്വീകരിച്ച് ഖര മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

# 1-20 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 65 പുതിയ പ്രൊജക്ടുകൾക്ക് പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 114 ആണ്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 2.73 കോടി രൂപയിൽ 1.36 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 38 എണ്ണത്തിനും, സ്പിൽ ഓവർ പ്രൊജക്ടുകളിൽ 8 എണ്ണത്തിനും തുകയൊന്നും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 2.73 കോടി രൂപയിൽ 34.49ലക്ഷം രൂപ വികസനഫണ്ട്(പൊതുവിഭാഗം), 45.77ലക്ഷം രൂപ വികസനഫണ്ട്

(എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (62.62 ലക്ഷം), മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (27.33ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (59.25ലക്ഷം) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് 1.94 കോടി നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത്രയും തുക ലാപ്സാവാൻ ഇടയായതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസനവും, നിർവ്വഹണവും തമ്മിലുള്ള അന്തരം, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1)വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന കാലതാമസം

2) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

3) സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം ,കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി

പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തികവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - 38742രൂപയുടെ നഷ്ടം

2017-18 വർഷം എഗ്രിമെന്റ് വച്ച് പ്രവൃത്തി പൂർത്തിയാക്കിയശേഷം സ്പിൽ ഓവർ ആയി 2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയതും, 2018-19 വർഷത്തിൽ അംഗീകാരം വാങ്ങി ആരംഭിച്ചതും പൂർത്തിയാക്കിയതുമായ താഴെ പറയുന്ന റോഡ് ടാറിംഗ്

പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 38742 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1<br>(200kg/barrel) | rs1<br>(182kg/barrel) | s-65/vg30<br>(156kg/barrel) |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ഫൈനൽ ബിൽതുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (in kg) | കാലി ബാരലുകളുടെ എണ്ണം | ആകെ | ഈടാക്കേണ്ട ബാരൽ വില @281/- (238+ 18% GST) |
|---|---|---|---|---|---|---|---|
| 1 | 169/19-(201/18) ളുമ്പന പുതിയ കോളനി റോഡ് | ശ്രീ.മഹേഷ്. കെ.വി | 200000 ബിൽനം. 45/18-19 dt.20.12.18 | Ss1= 221.04<br>rs1= 104.86<br>vg30=1057.72 | 1.10<br>0.57<br>6.78 | 8.5 | 2389 |
| 2 | 151/19-(150/18 പടിഞ്ഞാമുറി റോഡ് റീടാറിംങ് | ശ്രീ.വി.രമേഷ് | 150000 ബിൽനം. 46/18-19 dt.20.12.18 | Ss1= 0<br>rs1= 120.60<br>vg30=1299.78 | 0<br>0.66<br>8.33 | 9 | 2529 |
| 3. | 40/18-19 കുളപ്പുള്ളിപ്പാടം ആര്യമ്പാടം റോഡ് | ശ്രീ.ആർ.ഹരിദാസ് | 199239 ബിൽനം. 56/18-19 തിയതി 18.02.19 | Ss1= 79.85<br>rs1= 301.65<br>vg30=748.81 | 0.4<br>1.65<br>4.8 | 6.85 | 1925 |
| 4 | 70/19- തുഞ്ചൻ കോളേജ് റോഡ് | കൊടുവായൂർ കൺസ്ട്രക്ഷൻ<br>(രമേഷ്.വി) | 150000<br>ബിൽനം. 55/18-19 തിയതി 18.02.19 | Ss1= 0<br>rs1= 67.52<br>vg30=675.38 | 0.37<br>4.33 | 4.7 | 1321 |
| 5 | 173/19-(213/18) കരിങ്കുളം മേലെ കരിപ്പായി -കുണ്ടൻപറമ്പ് റോഡ് | ശ്രീ.വിജയരാഘവൻ | 474972/- 1.ബിൽനം. 29/18-19 തിയതി 29.10.18 (174972)<br>2. ചെക്ക്നം. | Ss1= 401.96<br>rs1= 218.55<br>vg30=1997.10 | 2<br>1.2<br>12.8 | 16 | 4496 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 2150240/<br>dt.29.10.18<br>(300000) | | | | |
| 6 | 161/19-(93/18)<br>കരിങ്കുളം-<br>മേലെ<br>കരിപ്പായി<br>റോഡ്<br>ടാറിംഗ് | ശ്രീ.വിജയരാഘവൻ | 199638<br>ബിൽനം.<br>28/18-19<br>തിയതി<br>29.10.18 | Ss1= 524.90<br>rs1= 138.94<br>vg30=1303 | 0<br>0.8<br>10.5 | 11.3 | 3175 |
| 7 | 148/19-<br>( (109/17)<br>ശ്രീകുറുംമ്പ<br>കാവ്<br>മെറ്റലിംങ്,<br>ടാറിംഗ് | ശ്രീ.ആർ. ഹരിദാസ് | 325629<br>ബിൽനം.<br>8/18-19<br>തിയതി<br>31.05.18 | Ss1=524.9<br>rs1= 138.94<br>vg30=1303 | 2.6<br>0.76<br>8.4 | 11.8 | 3316 |
| 8 | 55/19<br>തേക്കിൻകാട്<br>ശിവക്ഷേത്രം<br>മുതൽ<br>ആലിങ്കാട്<br>റോഡ് | ശ്രീ.വിജയരാഘവൻ | 349294<br>ബിൽനം.<br>66/18-19<br>തിയതി.<br>21.03.19 | Ss1=374.85<br>rs1= 99.2<br>vg30=930.51 | 1.87<br>0.55<br>6 | 8.4 | 2360 |
| 9 | 68/19-<br>പാതപ്പള്ളനമ്പു<br>കുളം റോഡ് | ശ്രീ.ജയപ്രകാശ്.ജി | 200000<br>ബിൽനം.<br>68/18-19<br>തിയതി<br>21.03.19 | Ss1=34.43<br>rs1= 133.65<br>vg30=1253.34 | 0.17<br>0.7<br>8 | 8.9 | 2501 |
| 10 | 43/19-<br>കോഴികുത്തി-<br>കേലക്കാട്<br>റോഡ് | ശ്രീ.ജയപ്രകാശ്.ജി | 200000<br>ബിൽനം.<br>69/18-19<br>തിയതി.<br>21.03.19 | Ss1=304.09<br>rs1= 80.49<br>vg30=754.80 | 1.5<br>0.44<br>4.8 | 6.74 | 1894 |
| 11 | 44/19-<br>നമ്പുകുളം<br>റോഡ് | ശ്രീ.ജയപ്രകാശ്.ജി | 244476<br>ബിൽനം<br>.70/18-19<br>തിയതി.<br>21.03.19 | Ss1=370.19<br>rs1= 97.99<br>vg30=918.95 | 1.85<br>0.53<br>5.9 | 8.28 | 2327 |
| 12 | 39/19-<br>വടുകോൽ<br>ആലടി റോഡ് | ശ്രീ.വിജയരാഘവൻ | 300000<br>ബിൽനം.<br>65/18-19<br>21.03.19 | Ss1=345.01<br>rs1= 182.65<br>vg30=856.44 | 1.7<br>1<br>5.5 | 8.2 | 2304 |
| 13 | 66/19-<br>പെരുങ്ങോട്ടു<br>കാവ്<br>റേഷൻകട<br>മുൻവശം<br>റോഡ് | ശ്രീ.ഉദയൻ.<br>കെ.നായർ | 100000<br>ബിൽനം.<br>73/18-19<br>തിയതി.<br>23.03.19 | Ss1=294.31<br>rs1= 77.91<br>vg30=730.59 | 1.5<br>0.42<br>4.7 | 6.6 | 1855 |
| 14 | 145/19-<br>(56/16-17<br>കരിങ്കുളം-<br>ചെന്നക്കലായ്<br>റോഡ് | ശ്രീ.വി.രമേഷ് | 49602/-<br>ബിൽനം<br>.61/18-19<br>തിയതി<br>11.03.19 | Ss1=87.12<br>rs1= 23.06<br>vg30=365.93 | 0.44<br>0.13<br>2.34 | 3 | 843 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മെറ്റലിംങ് & ടാറിംങ് | | | | | | |
| 15 | 49/19 കരിപ്പായി റോഡ് | ശ്രീ.വിജയരാഘവൻ | 344815/- ബിൽനം. 59/18-19 തിയതി. 28.02.19 | rs1= 290.47<br>vg30=2811.74 | 1.6<br>18 | 19.6 | 5507 |
| | ആകെ | | | | | | 38742 |

നഷ്ടമായ തുക കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 9 തിയതി 30.10-2019) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി ഏത്ര ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റെനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-22 കരിങ്കുളം-ചെന്നക്കലായ് റോഡ് മെറ്റലിംങ് &ടാറിംഗ് - കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷത്തിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2018-19 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മെറ്റലിംങ് &റീടാറിംങ് പ്രവൃത്തി നിർവഹിക്കുന്നതിൽ അനിയതമായ കാലതാമസം നേരിട്ടിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ നിശ്ചിത കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കൂടാതെ ദീർഘിപ്പിക്കലിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ലഭ്യമായിട്ടില്ല. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി. 2012 ലെ കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000 രൂപയും കൂടിയത് 50000 രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷം പിന്നീട് ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ പിഴയായി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മേൽ വ്യവസ്ഥ ഉൾപ്പെടുത്തി എഗ്രിമെന്റ് ചമയ്ക്കുന്നതിന്പകരം കാലഹരണപ്പെട്ട പി.ഡബ്ള്യൂ.ഡി മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ്

തയ്യാറാക്കിയിട്ടുള്ളത്. ആകയാൽ പ്രസ്തുത എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം കരാറുകാരനിൽനിന്നും ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്ന മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. കരാറിൽ അനുവദിച്ച സമയവും ഗ്രേസ് പിരിയഡും ഒഴിച്ച് പണി പൂർത്തിയാക്കാൻ എടുത്ത അധിക സമയത്തിന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

<u>1.കരിങ്കുളം ചെന്നക്കലായ് റോഡ് മോറ്റലിംങ് &ടാറിംങ്</u>

പ്രൊജക്റ്റ്-145/19(spill over 56/16-17, 50/17-18 )

അടങ്കൽ- 50000 (സംരക്ഷണ ഗ്രാന്റ് -റോഡ്-49602/-)

(തനത് ഫണ്ട്-398/-)

ചെലവ്- 49602

ബിൽ നം .61/2018-19 തിയതി.08-03-2019 തുക 49602 /-

കരാറുകാരൻ- ശ്രീ.രമേഷ് .വി. കരാർ തുക 49763 /-(estimate rate)

എഗ്രിമെൻറ് നം-29/ae/lsgd/elygp/16-17 dt.14-02-17

അളവു പുസ്തകം- 30/16-17

സൈററ് കൈമാറിയ തിയതി 14-02-2017

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 13.02.19

പിഴ അടവാക്കിയത്. ഇല്ല

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

01-04-2017 മുതൽ 9-04-2017 വരെ ഗ്രേസ് പിരിയഡ് = 0 .00

10.04.17 മുതൽ 8.07.17 വരെ 49763*1% =498

9.07.17 മുതൽ 06.10.17 വരെ 49763*2% =995

7.10.17 മുതൽ 04.01.18 വരെ 49763*2% =995

5.01.18 മുതൽ 04.04.18 വരെ 49763*2% =995

5.04.18 മുതൽ 03.07.18 വരെ 49763*2% =995

4.07.18 മുതൽ 1.10.18 വരെ 49763*2% =995

2.10.18 മുതൽ 30.12.18 വരെ 49763*2% =995

31.12.18 മുതൽ 13.2.19 വരെ 49763*2%*41/90 =453

ഈടാക്കേണ്ട ആകെ പിഴ :6921

പിഴ ഈടാക്കാതിരുന്നതിന് മതിയായ കാരണം ഉണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 14 തിയതി 31.10.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

# 1-23 പദ്ധതികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായി നടപ്പിലാക്കാത്തതിനാൽ ഉദ്ദേശിച്ച ഗുണഫലം ലഭിക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികളിൽ (i.) സ്ഥല പരിശോധന, (ii.)150 mm വ്യാസത്തിൽ കുഴൽകിണർ കുഴിക്കൽ, (iii.) casing pipe സ്ഥാപിക്കൽ എന്നീ മൂന്ന് ഘടകങ്ങൾ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവഹിച്ചിട്ടുള്ളത്. മോട്ടോർ,ടാങ്ക്, കുടിവെള്ള വിതരണത്തിന്ആവശ്യമായ പൈപ്പുകൾ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവകൂടി ഉൾപ്പെടുത്താത്തതിനാൽ പദ്ധതികൾ ഉപയുക്തമാക്കാൻ നടപ്പുവർഷത്തിൽ കഴിഞ്ഞിട്ടില്ല. പൂർത്തിയാവുന്ന മുറയ്ക്ക് ജലവിതരണം സാധ്യമാവും വിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയല്ല പദ്ധതികൾ വിഭാവനം ചെയ്തതും നടപ്പിലാക്കിയതും. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കുടിവെള്ള പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നം, തിയതി | എം.ബുക്ക് നമ്പർ, കോൺട്രാക്ടർ |
|---|---|---|---|---|---|
| 1 | 159/19(91/18)എരട്ടക്കുളം 4 സെന്റ് കോളനി ബോർവെൽ | 67585 | 66827 | 164/2018-19 dt.13-03-19 തുക 66827/- | 8/17-18 ശ്രീ.രമേഷ്.വി |
| 2 | 137/19(S089/18)കൌണ്ടത്തറ കുടിവെള്ള പദ്ധതി | 100000 | 100000 | 1/2018-19 dt.19-05-18 തുക 100000/- | 61/2017-18 ശ്രീ.സിജു.എം.കെ |
| 3 | 93/2019 മോടക്കാട് ബോർവെൽ നിർമ്മാണം | 100000 | 100000 | 30/2018-19 dt.08- | 01/2018-19 |

| | | | | | |
|---|---|---|---|---|---|
| | | | | 11-18<br><br>തുക 100000/- | ശ്രീ.ദേവദാസൻ.വി |
| 4 | 199/2019 കൊട്ടുവാൾപ്പാറ കുടിവെള്ള പദ്ധതി | 100000 | 98877 | 38/2018-19 dt.17-11-18<br><br>തുക 98877/- | 07/2018-19<br><br>ശ്രീ.ഹരിദാസ്.ആർ |

മേൽപ്രകാരം പദ്ധതികൾ ഭാഗികമായി നടപ്പിലാക്കുക നിമിത്തം അതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല എന്നറിഞ്ഞിട്ടും പദ്ധതികൾ ഈവിധം രൂപകൽപ്പന ചെയ്ത് നിർവഹിക്കേണ്ടി വരുന്നതിന്റെ സാംഗത്യം എന്തെന്ന് വ്യക്തമാക്കുവാൻ എൻ ക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.12 തിയതി. 10-2019) മറുപടി ലഭ്യമായില്ല. പൂർത്തിയാവുന്ന മുറയ്ക്ക് ജലവിതരണം സാധ്യമാവും വിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# 1-24 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 3586 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 547 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്റ്റുകൾക്കായി 21781220/-രൂപ (ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽസ്പിൽ ഓവർ ഉൾപ്പെടെ 252 പദ്ധതികൾ ഏറ്റെടുത്തു. ആയതിൽ 103 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്, 149 എണ്ണം നടപ്പിലാക്കി വരുന്നു. 1728 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 121 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽ രഹിത വേതനം നൽകപ്പെട്ടവരുമായി ആരും തന്നെയില്ല.

പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ 4 എണ്ണം സൃഷ്ടിക്കപ്പെട്ടു. സാധന സാമഗ്രികൾ ആവശ്യമുള്ള2 പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്തു. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 33 | 36.98 |

| | | |
|---|---|---|
| വരൾച്ച തടയൽ | 23 | 32.46 |
| ചെറുകിട ജലസേചനം | 12 | 30.79 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 15 | 20.06 |
| പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം, ലൈഫ് ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം | 136 | 13.49 |
| ഗ്രാമീണ റോഡുകൾ | 6 | 2.93 |
| റൂറൽ സാനിറ്റേഷൻ | 27 | 70.26 |
| ആകെ | 252 | 206.97 |

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം-2

ഒന്നുമില്ല

ഭാഗം-3

ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 05.07.2019 മുതൽ 06.07.2019 വരെ | നം.കെ.എസ്.എ-പികെഡി21 /997/2019(12) തിയതി 26-8-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച

# ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| | 23/18-<br>പാലിന് സബ്സിഡി | 127000 | 0 | 127000 | 127000 | 0 |
| | 51/18-പെരിങ്ങോട്ടുകാവ് കുടിവെള്ള പദ്ധതി | 8910 | 0 | 8910 | 0 | 8910 |
| | 160/18-കരിപ്പാലി-മന്ദത്ത് പാറ കുടിവെള്ളപദ്ധതി | 300000 | 0 | 300000 | 230181 | 69819 |
| | 209/18-<br>വട്ടേക്കാട് കമ്മാന്തറ കുടിവെള്ള പദ്ധതി | 250000 | 0 | 250000 | 250000 | 0 |
| | 213/18-മേലെ കരിപ്പാലി കണ്ടൻപറമ്പ് റോഡ് | 300000 | 0 | 300000 | 300000<br>(**) | 0 |
| | 119/19-സയൻസ് സെന്റർ ലാടിൻ ബ്ലോക്ക് | | 500000 | 500000 | 0 | 500000 |
| | 35/19-ഉഴവുകൂലി | 2450000 | 2450000 | 4900000 | 4900000 | 0 |
| | 31/19-ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 0 | 100000 | 100000 | 100000 | 0 |
| | 23/19-പാലിയേറ്റീവ് കെയർ വിഹിതം | 0 | 200000 | 200000 | 200000 | 0 |
| | 189/19-ലൈഫ് മിഷൻ(ജനറൽ) | 0 | 1044050 | 1044050 | 1025000 | 19050 |
| | 117/19-ലൈഫ് മിഷൻ(എസ്.സി.പി) | 0 | 43460 | 43460 | 0 | 43460 |
| | ഇറ്റിപ്പാടം ബ്രിക്സ് യൂണിറ്റ് | | 300000 | 300000 | 300000<br>(**) | 0 |
| ആകെ | | 3435910 | 4637510<br>(*) | 8073420 | 7432181 | 641239 |
| ജില്ലാ പഞ്ചായത്ത് | 35/19-ഉഴവുകൂലി | 2450000 | 2166500 | 4616500 | 4616500 | 0 |
| | 189/19-ലൈഫ് മിഷൻ (ജനറൽ) | 0 | 1390279 | 1390279 | 1330000 | 60279 |
| | 31/19-ഭിന്നശേഷിക്കാർ | 0 | 50000 | 50000 | 50000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ക്കുള്ള സ്കോളർഷിപ്പ് | | | | | |
| | 34/19-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | | 100000 | 100000 | 100000 | 0 |
| ആകെ | | 2450000 | 3706779 | 6156779 | 6096500 | 60279 |

(*) ഐ.സി.ഡി.എസ് കേന്ദ്രവിഹിതമായി ലഭിച്ച 24656 രൂപ contribution for joint venture എന്ന ഹെഡിൽ തെറ്റായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ചെലവ് ചെയ്തിട്ടില്ലാത്തതിനാൽ B4 ഷെഡ്യൂളിൽ ലയബിലിറ്റി ആയും കാണപ്പെടുന്നു.

(**) മേലെ കരിപ്പാലി കണ്ടൻപറമ്പ് റോഡ് - നായി വകയിരുത്തിയ 300000 രൂപയും ളുറ്റിപ്പാടം ബ്രിക്സ് യൂണിറ്റിനായി വകയിരുത്തിയ 300000 രൂപയും ചെലവായിട്ടുണ്ടെങ്കിലും ടി തുകകൾ ലയബിലിറ്റി ഹെഡിൽ കുറവ് ചെയ്യാത്തതിനാൽ B4 ഷെഡ്യൂളിൽ ഉൾപ്പെടുന്നു.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 1326174 രൂപ ലയബിലിറ്റി ആയി തുടരുന്നു. എന്നാൽ യഥാർത്ഥ ലയബിലിറ്റി 701518 രൂപ മാത്രമാണ്. ജോയിന്റ് വെൻച്വർ ട്രഷറി അക്കൗണ്ടിൽ നീക്കിയിരുപ്പ് 770088 രൂപ മാത്രമാണ്.

സംയുക്ത പ്രോജക്ടുകൾക്കായുള്ള വരവ് ചെലവുകൾ പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി വച്ചിട്ടില്ല. സംയുക്തപ്രോജക്ടുകൾക്കായുള്ള ജോയിന്റ് വെൻച്വർ ട്രഷറി അക്കൗണ്ടിൽ ചില തുകകൾ ഹെഡ് മാറി വരവ് വെച്ചിട്ടുള്ളതായും ഐ.സി.ഡി.എസ് ന്റെ കേന്ദ്രവിഹിതം പദ്ധതിക്കായി 94332 രൂപ ഈ അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുള്ളതായും കാണുന്നു. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും സംയുക്തപ്രോജക്ടുകളുടേതല്ലാത്ത വരവ് ചെലവുകൾ ക്രമീകരിക്കേണ്ടതുമാണ്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 130/19,ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 9/19.06.18 | 152570 | 152570 | ഇല്ല |
| | 205/19, കട്ടക്കോട് ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 26/17.10.18 | 44078 | 44078 | |
| | 5/19,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 32/27.11.18 | 749264 | 749264 | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 192/19, ഇരട്ടക്കുളം പൈപ്പ് ലൈൻ | 24/17.10.18 | 73892 | 73892 | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന നിർമ്മാണപദ്ധതിക്കായി വായ്പയിനത്തിൽ 19042984 രൂപ വരവുണ്ട്. 18780000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ്. ജി.ഡി | 19042984 | 0 | 0 | 0 | 19042984 |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ.എം.എസ് 647/2010/lsgd 25.02.2010 | 8680100 | 1210594 | 500000 | - | 710594 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| | | | ശ്രീ.രഘുരാമൻ, | |

| | | | | |
|---|---|---|---|---|
| 2012-13 | 3-1 | 18900 | സെക്രട്ടറി | 118050500004/ 13.09.18 |
| 2017-18 ഓഡിറ്റ് എൻക്വയറി | - | 1699 | ശ്രീമതി. ഉമ, അസിസ്റ്റന്റ് എഞ്ചിനീയർ | 118050104692/ 24.01.2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഒന്നുമില്ല.

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികൾ വഴി തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 93345430 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81791998 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45663 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഖണ്ഡികയിലെ ക്രമ നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-21 | 1മുതൽ 2വരെയും (4918 രൂപ)<br>5 മുതൽ 7വരെയും (10987 രൂപ) | 15905 | ശ്രീമതി.ഉമ.ടി.എൻ<br>അസി.എഞ്ചിനിയർ |
| 1-21 | 3 മുതൽ 4 വരെയും (3246 രൂപ)<br>8 മുതൽ 15 വരെയും (19591 രൂപ) | 22837 | ശ്രീ.അനൂപ്.കെ.എം<br>അസി.എഞ്ചിനിയർ |
| 1-22 | | 6921 | ശ്രീ.അനൂപ്.കെ.എം<br>അസി.എഞ്ചിനിയർ |
| | ആകെ | 45663 | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉമ.ടി.എൻ<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനീയർ<br>എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് | തെക്കേമഠം<br>കൊടകര. പി.ഒ<br>തൃശ്ശൂർ-680684 |
| ശ്രീ.കെ.എം.അനൂപ് | അസി.എഞ്ചിനിയർ<br>മേലാർക്കോട് | കക്കാട്ടുമന<br>അളഗപ്പ നഗർ |

| അസി.എഞ്ചിനിയർ | | തൃശ്ശൂർ-680302 |
|---|---|---|

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP10- 709/01/11.09.01 | - |
| 1998-99 | LFP10- 751/01/03.08.01 | - |
| 1999-2000 | LFP10- 752/01/03.08.01 | - |
| 2000-01 | LFP10- 276/02/04.05.02 | 1 |
| 2001-02 | LFP13- 644/04/09.01.04 | 8 |
| 2002-03 | LFP13- 1162/03/09.01.04 | 1 |
| 2003-04 | LFP12- 1053/07/10.03.08 | 6 |
| 2004-05 | LFP12- 1054/07/02.01.08 | 2 |
| 2005-06 | LFP12- 1055/07/11.03.08 | 7 |
| 2006-07 | LFP18- 790(a)/11/23.11.11 | 3 |
| 2007-08 | LFP18- 790(b)/11/23.11.11 | 3 |
| 2008-09 | LFP18- 790(c)/11/14.11.11 | 2 |
| 2009-10 | LFP18- 642/12/04.07.12 | 8 |
| 2010-11 | LFP18- 929/13/16.07.13 | 1 |
| 2011-12 | LFP18- 54/14/3.02.14 | 1 |
| 2012-13 | LFP18- 288/15/16.05.15 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി 18-587/16/25.06.16 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11-109/2017/ 29-12-2016 | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.18-1324/2017/ 17-08-2017 | 8 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.18-396/2019/ 4-4-2019 | 5 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പി.കെ.ഡി-21/997/2019(12)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തിയതി: 26-8-2019
phone no. 04912520145
e-mail: dopkd.ksad@keral.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വാർഷിക ധനകാര്യ പത്രിക RP-40b -യിലെ എലവഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ TSC അക്കൗണ്ട് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

2. TSC ഫണ്ട് ആകെ വരവ് 2487602 രൂപയാണ്. പ്രസ്തുത തുക 2018-19 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ 2000000 രൂപ മാത്രമാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 487602 രൂപ ലയബിലിറ്റി ഹെഡിൽ വരവു ചെയ്യിട്ടില്ലാത്തതിനാൽ B-4 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂളും B-16 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 262984 രൂപ.

4. വെള്ളക്കരം കുടിശ്ശിക ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. വസ്തുനികുതി: സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD21/997/2019(12)

Kerala State Audit Department

District Audit Office, Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Elevancherry Gramapanchayat for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of Elevancherry Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Abstract of Defects/Discrepancies

1. Bank Reconciliation statement not prepared for TSC Account (no.1750) at Elevancherry Service Co-operative bank

2. TSC fund received during the financial year is ₹ 2487602 .There is no expenditure during the year. But the balance amount of TSC fund shown in B-4 Schedule is only ₹20,00000. The amount of rupees 487602 is not accounted in liability head & hence not reflected in B-4 schedule.

3. B-5 & B-16 schedules of balance sheet are not in agreement with each other. The difference is ₹262984.

4. Arrear balance amounts of water charge shown in Annual Financial Statement is not in agreement with the Water charge Arrear Demand Register.

5. Sachithra software not linked with Sankhya. Hence correctness of asset value recorded in the AFS could not be verified.

6. The amount of property tax as shown in the AFS are not in agreement with SANCHAYA.

Deputy Director

# അനുബന്ധം- 2 വിവിധ പത്രികകളുടെ സംക്ഷിപ്തം

| Elavanchery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7644274.00 |
| Cash | Cash | RP-40(a) | 15829.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 660600.00 |
| 140000000 | Fees & User Charges | RP-4 | 1544631.00 |
| 150000000 | Sale & Hire Charges | RP-5 | 90690.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41443102.00 |
| 171000000 | Interest Earned | RP-9 | 256816.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11773270.00 |
| 350000000 | Other Liabilities | RP-36 | 157279.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 26797.00 |
| 311000000 | Earmarked Funds | RP-29 | 9900.00 |
| 330000000 | Secured Loans | RP-32 | 19042984.00 |
| 340000000 | Deposits Received | RP-34 | 405091.00 |
| 350000000 | Other Liabilities | RP-36 | 110625.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9757537.00 |
| 460000000 | Loans, Advances and Deposits | RP-47 | 406005.00 |
| | **Grand total** | | **93345430.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3630302.00 |
| 220000000 | Administrative Expenses | RP-12 | 1596325.00 |
| 230000000 | Operations & Maintenance | RP-13 | 1591781.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12912740.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12587203.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1944594.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 444032.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 523440.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 5973256.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6756421.00 |
| 350000000 | Other Liabilities | RP-36 | 4475276.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2360.00 |
| 311000000 | Earmarked Funds | RP-29 | 19010.00 |
| 330000000 | Secured Loans | RP-32 | 500000.00 |
| 340000000 | Deposits Received | RP-34 | 321750.00 |
| 350000000 | Other Liabilities | RP-36 | 1493255.00 |
| 410000000 | Fixed Assets | RP-38 | 6464261.00 |
| 412000000 | Capital work in Progress | RP-40 | 828123.00 |
| 440000000 | Pre-paid Expenses | RP-45 | 18780000.00 |
| 460000000 | Loans, Advances and Deposits | RP-47 | 947869.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 11553432.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **93345430.00** |

| **Elavanchery Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2839771.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 103068.00 |
| 140000000 | Fee & User Charges | I-4(b) | 2105049.00 |
| 150000000 | Sale & Hire Charges | I-5(b) | 90690.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101155491.00 |
| 171000000 | Interest Earned | I-8 | 256816.00 |
| 180000000 | Other Income | I-9 | 26797.00 |
| | **Total Income** | | **106577682.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8495737.00 |
| 220000000 | Administrative Expenses | I-11(b) | 1606061.00 |
| 230000000 | Operations & Maintenance | I-12(b) | 1692476.00 |
| 240000000 | Interest & Finance Charges | I-13 | 2360.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12912740.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34167598.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1944594.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 694032.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38050740.00 |
| 255000000 | Maintenance Projects | I-14(e) | 5973256.00 |
| 272000000 | Depreciation | I-17(a) | 416063.00 |
| | **Total Expenditure** | | **105955657.00** |
| | **Gross Surplus/ Deficit of income over Expenditure** | | **622025.00** |
| 280000000 | Prior Period Item | I-18 | 11309.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **610716.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **Elavanchery Grama Panchayat BALANCE SHEET** |
|---|

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 12598925.74 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 748.00 |
| 312000000 | Reserves | B-3 | 38365484.00 |
| | **Total Reserve & Surplus** | | **50965157.74** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5781185.00 |
| | **Total Grants, Contributions for Specific Purposes** | | **5781185.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 19753578.00 |
| | **Total Loans** | | **19753578.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 396281.00 |
| 350000000 | Other Liabilities | B-9 | 578454.26 |
| | **Total Current Liabilities and Provisions** | | **974735.26** |
| | **TOTAL LIABILITIES** | | **77474656.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 42948607.00 |
| 411000000 | Accumulated Depreciation | B-11 | -416063.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **42532544.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 51815.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1097582.00 |
| 440000000 | Pre-paid Expenses | B-16 | 19490594.00 |
| 450000000 | Cash and Bank Balance | B-17 | 11553432.00 |
| 460000000 | Loans, Advances and Deposits | B-18 | 2748689.00 |
| | **Total Current Assets, Loans and Advances** | | **34942112.00** |
| | | | |